**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5370** **15-03-2023 - ൽ മറുപടിയ്ക്ക്**

**അതിക്രമങ്ങൾ തടയുന്നതിന് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നത് സംബന്ധിച്ച് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | പ്രണയപ്പകയുടെ പേരിൽ യുവതികൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കുറ്റകൃത്യങ്ങൾ തടയുന്നതിനും സാമൂഹ്യപ്രതിരോധം തീർക്കുന്നതിനും സ്കൂൾ കോളേജ് വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (എ) | കലാലയങ്ങളിൽ വിദ്യാർത്ഥികൾക്ക് അവബോധം സൃഷ്ടിക്കുന്നതിനും മാനസികാരോഗ്യം വളർത്തുന്നതിനുമായി 'ജീവനി പദ്ധതി' നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി കോളേജ് വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കോളേജുകളിൽ സൈക്കോളജി വിദഗ്ദ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ച് വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും കൗൺസിലിംഗും നൽകിവരുന്നു. സാങ്കേതിക വിദ്യാഭ്യാസവകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ പോലീസ്, സാമൂഹ്യനീതി വകുപ്പുകളുടെ സഹകരണത്തോടെ സ്ത്രീ സുരക്ഷാ ബോധവൽക്കരണ പരിപാടികളും സ്വയംപ്രതിരോധ പരിശീലനപരിപാടികളും നടത്തുന്നു.<br><br>04.10.2021 തീയതിയിലെ സ.ഉ(സാധാ)നം.1317/2021/ഉ.വി.വ. പ്രകാരം കലാലയങ്ങളിൽ അധ്യയന വർഷാരംഭത്തിൽ ലിംഗനീതിയെ സംബന്ധിച്ചും ലൈംഗികാതിക്രമങ്ങളും സ്ത്രീപീഡനങ്ങളും തടയുന്നതിനുള്ള നിയമങ്ങളും അവ നടപ്പിലാക്കുന്നതിനുള്ള വേദികളും സംബന്ധിച്ചും വിശദമായ വിവരണം ഉൾപ്പെടുന്ന ക്ലാസുകൾ, ജൻഡർ ജസ്റ്റിസ് ഫോറങ്ങൾ, Internal Compliance Committee (ഐ.സി.സി.) എന്നിവയെ ഉപയോഗിച്ച് സംഘടിപ്പിക്കുന്നതിനും Internal Compliance Committee (ഐ.സി.സി.) അംഗങ്ങളുടെ പേരുവിവരം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>ഐ.എച്ച്.ആർ.ഡി.-യിൽ അഡോളസെന്റ് ചിൽഡ്രൻ അവയർനെസ്സ് പ്രോഗ്രാം 2022-23ന്റെ ഭാഗമായി സ്കൂളുകളിൽ ടീൻസ് ക്ലബ് പ്രവർത്തനം ആരംഭിക്കുകയും, ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ യുവതികളുടെ നേരെ നടക്കുന്ന അതിക്രമങ്ങൾ വർദ്ധിച്ചു വരുന്നതിനെതിരെ സെമിനാർ |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുകയും, കോളേജുകളിൽ വിമൻസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്തു.<br><br>കൂടാതെ, സംസ്ഥാനത്തെ ലോ കോളേജുകളിൽ എൻ.എസ്.എസ്.-ന്റെ ആഭിമുഖ്യത്തിൽ ഇതിനെതിരെ അവബോധക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.<br><br>മഹാത്മാഗാന്ധി സർവകലാശാലയിൽ എൻ.എസ്.എസ്.-ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ആന്റി ഹരാസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കെതിരെയുള്ള ശാരീരിക, മാനസിക, വൈകാരിക ചൂഷണത്തിനെതിരെ ജാഗ്രതയും, നിയമസംരക്ഷണവും നൽകിവരുന്നു.<br><br>കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയിലെ വിദ്യാർത്ഥികൾക്കിടയിൽ അസാധാരണ സാഹചര്യങ്ങളെ നേരിടുന്നതിന് മാനസികവും ശാരീരികവുമായ ധൈര്യം ലഭിക്കത്തക്കവിധത്തിൽ ഗ്രീൻ റൂം എന്ന പേരിൽ പ്രത്യേക പരിശീലനപരിപാടി നടത്താറുണ്ട്.<br><br>സോഷ്യൽ മീഡിയ വഴി പെട്ടെന്ന് പൊട്ടിമുളയ്ക്കുന്ന പ്രണയങ്ങൾ മൂലമുള്ള ചതിക്കുഴികളെപ്പറ്റി കേരള പോലീസിന്റെ സോഷ്യൽ മീഡിയ സെൽ, സ്റ്റേറ്റ് പോലീസ് മീഡിയ സെൽ, സൈബർ ഡോം എന്നിവ മുഖേന ആവശ്യമായ ബോധവൽക്കരണം നടത്തി വരുന്നുണ്ട്. ഇതിനുപുറമേ ഇക്കാര്യത്തിൽ രക്ഷാകർത്താക്കളിലും അവബോധം സൃഷ്ടിക്കണമെന്നതിന്റെ ഭാഗമായി "സൂക്ഷിക്കണം e-കാലം" എന്ന സോഷ്യൽ മീഡിയ ക്യാമ്പയിൻ ആരംഭിക്കുകയും ആയതിൽ സൈബർ സൗഹൃദങ്ങൾ പരിധിവിട്ടു പോകാതിരിക്കാൻ മാതാപിതാക്കൾ ജാഗ്രത പുലർത്തണമെന്ന് പ്രത്യേക പോസ്റ്ററുകൾ തയ്യാറാക്കി പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, സോഷ്യൽ മീഡിയ വഴിയുള്ള സൗഹൃദങ്ങളിലൂടെ പ്രണയബദ്ധരായി ചതിയിൽപ്പെടാതിരിക്കാൻ മാതാപിതാക്കൾക്കും കുട്ടികൾക്കും വനിതാസെല്ലുകളുടെയും ജനമൈത്രി പോലീസിന്റെയും നേതൃത്വത്തിൽ കൗൺസിലിംഗ് നൽകിവരുന്നുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും ആത്മധൈര്യം നൽകുന്നതിനായി വിദഗ്ദ്ധ പരിശീലനം ലഭിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ക്ലാസുകൾ സ്കൂളുകളിലും കോളേജുകളിലും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ